# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1953 — 05/12/2018 ൽ മറുപടിക്ക്

**1949 ലെ കവനന്റ് പ്രകാരം സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം**

ചോദ്യം — മറുപടി

ശ്രീ.എം. നൗഷാദ്. — പിണറായി വിജയൻ (മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | 1949 ലെ കവനന്റ് പ്രകാരം സംസ്ഥാന സർക്കാർ ഇപ്പോഴും തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ശ്രീ പണ്ടാരവക ഫണ്ടിലേയ്ക്കും വർഷാവർഷം സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ പ്രതിവർഷം എത്ര രൂപയാണ് നല്കിവരുന്നത്; | (എ) | ഉണ്ട്,<br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് 80 ലക്ഷം രൂപയും ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന് 20 ലക്ഷം രൂപയുമാണ് ഇപ്പോൾ പ്രതിവർഷം നൽകി വരുന്നത്. |
| (ബി) | പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | മേൽ തുക വർദ്ധിപ്പക്കുന്നതിനുള്ള ബഡ്ജറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | കവനന്റിൽ നിർദ്ദേശിക്കുന്ന തുക തന്നെയാണൊ ഇപ്പോഴും നല്കി വരുന്നത്; | (സി) | അല്ല കാലീകമായ വർദ്ധനവാണ് അനുവദിക്കുന്നത് |
| (ഡി) | മുൻകാലങ്ങളിൽ എപ്പോഴെങ്കിലും പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ഡി) | 15 വർഷങ്ങൾക്ക് മുമ്പാണ് ഇപ്പോൾ നൽകി വരുന്ന തുക വർദ്ധിപ്പിച്ചിട്ടുള്ളത്. കവനന്റ് പ്രകാരമുള്ള തുകയായ 46,50,000/- യാണ് ഇപ്പോൾ 1 കോടിയായി വർദ്ധിപ്പിച്ചത്. |
| (ഇ) | ദേവസ്വം ബോർഡിന്റെ സഞ്ചിതനിധിയിൽ നിന്നും സർക്കാർ ഏതെങ്കിലും സാഹചര്യത്തിൽ വായ്പയോ സഹായമോ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഇ) | സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ